# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512


## വാർത്താക്കുറിപ്പ്

**2023 സെപ്റ്റംബർ 19**

---

*റെഗുലർ കോഴ്സിന് തുല്യം*

### ഓൺലൈനിൽ എം.കോം പഠിക്കാം; 30 വരെ അപേക്ഷിക്കാം

വിദ്യാർഥികൾക്കും തൊഴിൽ ചെയ്യുന്നവർക്കും പഠിക്കാവുന്ന മഹാത്മാ ഗാന്ധി സർവകലാശാലയുടെ ഓൺലൈൻ എം.കോം പ്രോഗ്രാമിന് ഇപ്പോൾ അപേക്ഷിക്കാം. യു.ജി.സിയുടെ നിബന്ധനകൾക്കും മാർഗനിർദേശങ്ങൾക്കും വിധേയമായി നടത്തുന്ന റെഗുലർ പ്രോഗ്രാമിന് തുല്യമായ കോഴ്സിന് സെപ്റ്റംബർ 30 വരെ അപേക്ഷ സ്വീകരിക്കും.

വിദ്യാർഥികളുടെ സൗകര്യവും താത്പര്യവുമനുസരിച്ച് പഠനം ക്രമീകരിക്കാൻ കഴിയും എന്നതാണ് സവിശേഷത. പ്രായപരിധിയില്ല. അഡ്മിഷൻ മുതൽ ബിരുദദാനം വരെ കൃത്യമായ സ്ക്രീനിംഗ് സംവിധാനവും വിദഗ്ധ അധ്യാപകരുടെ മേൽനോട്ടത്തിൽ നിരന്തര വിലയിരുത്തലുമുണ്ട്. പാഠങ്ങൾ ലളിതമായി വിശദീകരിക്കുന്നതിനാൽ മികച്ച വിജയം നേടാനും സാധിക്കും. നിലവിലെ ബാച്ചുകളിൽ പഠിക്കുന്നവരിൽ വിദേശ വിദ്യാർഥികളും ഉൾപ്പെടുന്നു.

ഇൻറേണൽ, എക്സ്ടേണൽ പരീക്ഷകൾ ഉൾപ്പെടെ എല്ലാ നടപടികളും ഓൺലൈനിൽ പൂർത്തീകരിക്കും. ഒരു ഘട്ടത്തിലും വിദ്യാർഥികൾ സർവകലാശാലയിൽ നേരിട്ട് എത്തേണ്ടതില്ല. പഠന വിഷയങ്ങളിൽ സംശയങ്ങൾ പരിഹരിക്കുന്നതിന് അധ്യാപകരുടെ ലൈവ് ഓൺലൈൻ സേവനവുമുണ്ട്.

നാലു സെമസ്റ്ററുകളായി ക്രമീകരിച്ചിരിക്കുന്ന രണ്ടു വർഷത്തെ പ്രോഗ്രാമിന് mguonline.ac എന്ന വെബ് സൈറ്റിലൂടെയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. ഒരു സെമസ്റ്ററിന് 18000 രൂപയാണ് ഫീസ്. പട്ടികജാതി, പട്ടിക വർഗ വിഭാഗങ്ങളിൽ പെട്ട വിദ്യാർഥികൾക്ക് ഫീസിൽ 40 ശതമാനം ഇളവ് ലഭിക്കും.

കോഴ്സിനെക്കുറിച്ച് കൂടുതൽ അറിയുന്നതിന് 9778429536, 9778429538 എന്നീ

ഫോൺ നമ്പറുകളിൽ ബന്ധപ്പെടാം.

(പി.ആർ.ഒ/39/1128/2023)

**<u>എം.എഡ് ഏകജാലക പ്രവേശനം;<br>രജിസ്ട്രേഷൻ തുടങ്ങി</u>**

മഹാത്മാ ഗാന്ധി സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്ത ടീച്ചേഴ്സ് ട്രെയിനിംഗ് കോളജുകളിൽ എം.എഡ് പ്രോഗ്രാമിൽ ഏജകാലക സംവിധാനം വഴി പ്രവേശനത്തിനുള്ള ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. cap.mgu.ac.in എന്ന ലിങ്ക് വഴി രജിസ്റ്റർ ചെയ്യാം.

(പി.ആർ.ഒ/39/1129/2023)

**<u>വാക്-ഇൻ-ഇന്റർവ്യൂ</u>**

മഹാത്മാ ഗാന്ധി സർവകലാശാലയിൽ ലീഡ് ഡവലപ്പർ, സീനിയർ സോഫ്റ്റ് വെയർ ഡവലപ്പർ തസ്തികകളിൽ കരാർ വ്യവസ്ഥയിൽ താത്കാലിക നിയമനത്തിനുള്ള വാക്ക്-ഇൻ-ഇന്റർവ്യൂ സെപ്റ്റംബർ 26ന് രാവിലെ 11ന് വൈസ് ചാൻസലറുടെ ചേംബറിൽ നടക്കും. രണ്ടു തസ്തികകളിലും ഓരോ ഒഴിവുകൾ വീതമാണുള്ളത്.

വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ(www.mgu.ac.in). ഫോൺ-0481 2733541.

(പി.ആർ.ഒ/39/1130/2023)

**<u>നാനോ ടെക്നോളജി; സ്പോട്ട് അഡ്മിഷൻ</u>**

മഹാത്മാ ഗാന്ധി സർവകലാശാലയുടെ സ്കൂൾ ഓഫ് നാനോ സയൻസ് ആന്റ് നാനോ ടെക്നോളജിയിൽ എം.ടെക്, എം.എസ്.സി പ്രോഗ്രാമുകളിൽ ഒഴിവുള്ള സീറ്റുകളിൽ സ്പോട്ട് അഡ്മിഷൻ സെപ്റ്റംബർ സെപ്റ്റംബർ 25ന് നടക്കും.

എം.ടെക് നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി(ജനറൽ-6), എം.എസ്.സി കെമിസ്ട്രി(ഒ.ഇ.സി-എസ്.സി-2, ഒ.ഇ.സി-എസ്.ടി-1), എം.എസ്.സി ഫിസിക്സ്(ജനറൽ-1, ഒ.ഇ.സി എസ്.സി-2, ഒ.ഇ.സി-എസ്.ടി-1), എം.എസ്.സി ഫിസിക്സ്(കണ്ണൂർ സർവകലാശാലയുമായി ചേർന്നുള്ള ജോയിന്റ് പ്രോഗ്രാം,

ജനറൽ-4) എന്നിങ്ങനെയാണ് ഒഴിവുകളുടെ എണ്ണം.

അർഹരായ വിദ്യാർഥികൾ അസ്സൽ യോഗ്യതാ രേഖകളുമായി സെപ്റ്റംബർ 25ന് രാവിലെ 11.30ന് മുൻപ് സർവകലാശാലാ കാമ്പസിലെ വകുപ്പ് ഓഫീസിൽ(റൂം നമ്പർ 302, കൺവർജൻസ് അക്കാദമിയ കോംപ്ലക്സ്) നേരിട്ട് എത്തണം. പ്രവേശനം മെരിറ്റ് അടിസ്ഥാനത്തിലായിരിക്കും. കൂടുതൽ വിവരങ്ങൾ 9447709276, 9447712540 എന്നീ ഫോൺ നമ്പരുകളിൽ ലഭിക്കും. വെബ്സൈറ്റ്: www.mgu.ac.in

(പി.ആർ.ഒ/39/1131/2023)

## പ്രാക്ടിക്കൽ

രണ്ടാം സെമസ്റ്റർ എം.എസ്.സി മൈക്രോബയോളജി(സി.എസ്.എസ് - 2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019-2021 അഡ്മിഷനുകൾ സപ്ലിമെൻററി - ജൂലൈ 2023) ബിരുദ പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ സെപ്റ്റംബർ 28 മുതൽ അതത് കോളജുകളിൽ നടക്കും.

..................

രണ്ടാം സെമസ്റ്റർ ബി.വോക് ബിസിനസ് അക്കൗണ്ടിംഗ് ആൻറ് ടാക്സേഷൻ, അപ്ലൈഡ് അക്കൗണ്ടിംഗ് ആൻറ് ടാക്സേഷൻ(പുതിയ സ്കീം, 2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2018-2021 അഡ്മിഷനുകൾ റീഅപ്പിയറൻസ് - ജൂലൈ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ(ഇൻറേൺഷിപ്പ്-1) പരീക്ഷ അതത് കോളജുകളിൽ സെപ്റ്റംബർ 25 മുതൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

....................

അഞ്ചാം സെമസ്റ്റർ എം.എസ്.സി മെഡിക്കൽ ബയോകെമിസ്ട്രി(2020 അഡ്മിഷൻ റഗുലർ, 2016-2019 അഡ്മിഷനുകൾ സപ്ലിമെൻററി - സെപ്റ്റംബർ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഒക്ടോബർ 16 മുതൽ നടക്കും. ടൈംടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1132/2023)

## പരീക്ഷാ ഫലം

ബി.എസ്.സി മെഡിക്കൽ മാക്രോബയോളജി(2008 മുതൽ 2014 അഡ്മിഷനുകൾ രണ്ടാം മെഴ്സി ചാൻസ്) ഒന്ന്, രണ്ട്, മൂന്ന് വർഷ പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് സഹിതം ഒക്ടോബർ മൂന്നു വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സമർപ്പിക്കാം.

...............................

ഈ വർഷം ജൂണിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്.സി മെഡിക്കൽ ബയോകെമിസ്ട്രി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് സഹിതം ഒക്ടോബർ മൂന്നു വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സമർപ്പിക്കാം

..............................

സ്കൂൾ ഓഫ് പെഡഗോജിക്കൽ സയൻസസ് ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എഡ്(202123 ബാച്ച് റഗുലർ, ക്രഡിറ്റ് ആൻറ് സെമസ്റ്റർ സിസ്റ്റം) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/1133/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**